# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 283 19/07/2016 -ൽ മറുപടിയ്ക്ക്

## ഗ്രാമീണ മേഖലയിലെ കർഷക കൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.എഫ്.തോമസ്**<br>**,, റോഷി അഗസ്റ്റിൻ**<br>**,, മോൻസ് ജോസഫ്**<br>**ഡോ.എൻ. ജയരാജ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ഗ്രാമീണ മേഖലയിലെ അസംഘടിതരായ പച്ചക്കറി കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ എന്തുസംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ഗ്രാമീണ മേഖലയിലെ അസംഘടിതരായ പച്ചക്കറി കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ബ്ലോക്ക് തലത്തിൽ ഫെഡറേറ്റഡ് ക്ലസ്റ്റർ മാർക്കറ്റുകളും പഞ്ചായത്തു തലത്തിൽ 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകളും നിലവിലുണ്ട്. ഗ്രാമീണ മേഖലയിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതും അടുത്തടുത്ത് താമസിക്കുന്നവരുമായ കർഷകരെ സംഘടിപ്പിച്ച് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ സ്വാശ്രയ കർഷക സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സ്വാശ്രയ സംഘങ്ങൾ ചേർന്ന് സ്വാശ്രയ കർഷക വിപണി രൂപീകരിച്ചിട്ടുണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം ഇത്തരത്തിലുള്ള 274 സ്വാശ്രയകർഷക വിപണികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. കർഷകർക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റ് ഡെവലപ്പമെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി റുറൽ മാർക്കറ്റ്, റീട്ടയിൽ ഔട്ട്ലെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായവും നൽകിവരുന്നു. കർഷകർ എത്തിക്കുന്ന പച്ചക്കറികൾ കാർഷിക മൊത്തവ്യാപാര വിപണികളിൽ നിന്നും ഹോർട്ടികോർപ്പ് ലേല നടപടികളിലൂടെ ന്യായമായ വിലയ്ക്ക് സംഭരിച്ചു വരുന്നു. |

ബി) പ്രസ്തുത സംവിധാനങ്ങൾ കാർഷികോല്പന്നങ്ങളുടെ ഫലപ്രദമായ വിപണനത്തിന് പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ;

ബി) ഹോർട്ടികോർപ്പിന്റെ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ഇപ്പോൾ സംഭരിച്ചുവരുന്ന പച്ചക്കറികൾ വിപണനം ചെയ്തു വരുന്നു. ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിന് അനുസരിച്ച് കൂടുതൽ കാർഷികോല്പന്നങ്ങൾ കർഷകരിൽ നിന്ന് സംഭരിക്കുന്നതിന് സാധിക്കുന്നതാണ്. ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനും കൂടുതൽ കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

സി) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിന് ഉതകുന്നതരത്തിൽ കേന്ദ്രീകൃതമായി കാർഷികോല്പന്നങ്ങൾ സമാഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

സി) ഹോർട്ടികോർപ്പിന്റെ നിലവിലുള്ള സംഭരണ വിതരണ കേന്ദ്രങ്ങൾ വഴി കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകരിൽ നിന്ന് ഉല്പന്നങ്ങൾ കേന്ദ്രീകൃതമായി സംഭരിച്ച് വിപണനം നടത്തുന്നതിന് ആവശ്യമായ നടപടികൾ ഈ വർഷം മുതൽ സ്വീകരിക്കുന്നതാണ്.

ഡി) ഇപ്രകാരം കേരളത്തിലെ കർഷകരെ പച്ചക്കറി ഉല്പാദനത്തിൽ സജീവമാക്കുന്നതിന് ഗ്രാമീണ മേഖലയിൽ കർഷക കൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ നടപ്പു സാമ്പത്തിക വർഷം സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഡി) നിലവിൽ കർഷകരുടെ കൂട്ടായ്മകളായ ക്ലസ്റ്ററുകൾ മുഖേന പച്ചക്കറി കൃഷി നടപ്പിലാക്കുന്നുണ്ട്. നിലവിലുള്ള സ്വാശ്രയ സംഘങ്ങളേയും സ്വാശ്രയകർഷക വിപണികളേയും ശാക്തീകരിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം പുതിയ സ്വാശ്രയ കർഷക സംഘങ്ങളും വിപണികളും ആരംഭിക്കുന്നതിനും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**